"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

സംസ്ഥാന സർക്കാരിനു കീഴിലുള്ള വിവിധ വകുപ്പുകളിലെ എസ്.എൽ.ആർ. ജീവനക്കാരുടെ ശമ്പളവും അലവൻസുകളും ഏകീകരിച്ച് പരിഷ്ക്കരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (പി.ആർ.സി-സി) വകുപ്പ്**

സ.ഉ.(അച്ചടി) നം.68/2023/FIN തീയതി,തിരുവനന്തപുരം, 03-07-2023

പരാമർശം:- 1. 26/09/2017ലെ സ.ഉ(കൈ)നം. 53/17/പൊ.മ.വ

2. 17/12/2018ലെ സ.ഉ(കൈ)നം. 67/18/ജ.വി.വ

3. 15/06/2019ലെ സ.ഉ(അ)നം. 26/19/മ.തു.വ

4 26/10/2019ലെ സ.ഉ(കൈ)നം. 45/19/ജ.വി..വ

**<u>ഉത്തരവ്</u>**

പരാമർശത്തിലെ ഉത്തരവുകൾ പ്രകാരം പൊതുമരാമത്ത് വകുപ്പ്, ജലസേചന വകുപ്പ്, മത്സ്യബന്ധന തുറമുഖ വകുപ്പ്, ഭൂജല വകുപ്പ് എന്നിവയ്ക്ക് കീഴിലുള്ള എസ്.എൽ.ആർ ജീവനക്കാർക്ക് പത്താം ശമ്പള പരിഷ്ക്കരണ ഉത്തരവു പ്രകാരമുള്ള സേവന വേതന വ്യവസ്ഥകൾ അനുവദിച്ചുകൊണ്ട് ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവുകൾ പ്രകാരം, വിവിധ വകുപ്പുകളിലെ എസ്.എൽ.ആർ ജീവനക്കാർക്ക് വ്യത്യസ്ത നിരക്കിലാണ് അലവൻസുകളും മറ്റ് ആനുകൂല്യങ്ങളും നൽകി വന്നിരുന്നത്. ആയതിനാൽ സംസ്ഥാനസർക്കാരിനു കീഴിലെ വിവിധ വകുപ്പുകളിലെ എസ്.എൽ.ആർ ജീവനക്കാർക്ക് ഏകീകൃത നിരക്കിൽ ശമ്പളവും ആനുകൂല്യങ്ങളും അനുവദിച്ചു നൽകുന്നവിഷയം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിലെ എസ്.എൽ.ആർ ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും 01/07/2019 പ്രാബല്യത്തിൽ താഴെ പറയും പ്രകാരം ഏകീകരിച്ച് പരിഷ്ക്കരിച്ചുകൊണ്ട് ഉത്തരവാകുന്നു.

| | **നിലവിലുള്ള ശമ്പളം** | **പുതുക്കിയ ശമ്പളം** |
|---|---|---|
| സ്കിൽഡ് വർക്കേഴ്സ് | 16500-500-20000-550-22200-600-25200-650-27800-700-29960-800-33900-900-35700 | 22300-700-27900-800-31100-900-38300-1000-42300-1100-47800-1200-50200 |
| അൺസ്കിൽഡ് വർക്കേഴ്സ് | | 21600-700-27900-800-31100-900-38300-1000-42300-1100-47800-1200-49000 |

**ക്ഷാമബത്ത** :- 01.07.2019 മുതൽ പ്രാബല്യത്തിൽ താഴെ സൂചിപ്പിക്കും വിധം ക്ഷാമബത്ത അനുവദിക്കുന്നതാണ്.

| Date | Rate of DA % | Total DA % |
|---|---|---|

| | | |
|---|---|---|
| 01/07/19 | 0 | 0 |
| 01/01/20 | 4 | 4 |
| 01/07/20 | 3 | 7 |

**അലവൻ സുകൾ :** - പല വകുപ്പുകളിലും അലവൻസുകൾ അനുവദിച്ചിട്ടുള്ളത് വ്യത്യസ്തമായ നിരക്കിലും, ചില വകുപ്പുകളിൽ ആനുപാതികമല്ലാത്ത രീതിയിൽ ഉയർന്ന നിരക്കിലുമാണ് ആയതിനാൽ, അലവൻസുകൾക്ക് താഴെ പറയും പ്രകാരം ഏകീകൃത നിരക്ക് ഏർപ്പെടുത്തി ഉത്തരവ് തീയതി മുതൽ പ്രാബല്യം നൽകി അനുവദിക്കുന്നു.

| ക്രമ നം | അലവൻസ് | തുക |
|---|---|---|
| 1 | ചപ്പൽ അലവൻസ് *(വർഷത്തിൽ ഒരിക്കൽ)* | 220/- |
| 2 | കണ്ണട അലവൻസ് *(അഞ്ചു വർഷത്തിൽ ഒരിക്കൽ)* | 1100/- |
| 3 | വിവാഹ ധനസഹായം (നിലവിലെ വ്യവസ്ഥകൾക്കു വിധേയമായി) | 1,00,000/- |
| 4 | ഫ്യൂണറൽ അലവൻസ്(നിലവിലെ വ്യവസ്ഥകൾക്കു വിധേയമായി) | 7000/- |
| 5 | റിസ്ക് അലവൻസ് | 220/- |
| 6 | യൂണിഫോം അലവൻസ് *(വർഷത്തിൽ ഒരിക്കൽ)* | 2400/- |
| 7 | വീട്ടുവാടക ബത്ത | 1000/- |
| 8 | സ്കിൽഡ് അലവൻസ് *(സ്കിൽഡ് വാർക്കേഴ്സിന് മാത്രം )* | 500/- |

മേല്പറഞ്ഞ അലവൻസുകൾ നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ജീവനക്കാർക്കു മാത്രമേ ടി അവലൻസുകളുടെ പുതുക്കിയ നിരക്കുകൾക്ക് അർഹതയുണ്ടായിരിക്കുകയുള്ളൂ.

**പൊതുവ്യവസ്ഥകൾ**

*1 .* ശമ്പളപരിഷ്കരണത്തിന്റെ പ്രാബല്യത്തീയതി **01.07.2019** ആയിരിക്കും. *30.06.2019* ൽ സേവനത്തിലുള്ള ജീവനക്കാർക്ക് *10/02/2021* ലെ സ.ഉ.*(കൈ)* നം.*27/2021/*ധന ഉത്തരവിലെ ANNEXURE III ലെ ശമ്പള നിർണ്ണയ പട്ടിക അടിസ്ഥാനമാക്കി *01.07.2019* പ്രാബല്യത്തിൽ ശമ്പളനിർണയം അനുവദിക്കേണ്ടതാണ്.

*2. 01.07.2019* മുതൽ എസ്.എൽ.ആർ.വർക്കറായി സർവ്വീസിൽ പ്രവേശിച്ചവർക്ക് ശമ്പള സ്കെയിലിന്റെ തുടക്ക ശമ്പളത്തിനായിരിക്കും അർഹത.

*3 .* സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ പ്രഖ്യാപിക്കുന്ന നിരക്കിൽ എസ്എൽ.ആർ. ജീവനക്കാർക്ക് ക്ഷാമബത്ത അനുവദിക്കാവുന്നതാണ്. ക്ഷാമബത്ത ഒഴികെയുള്ള മറ്റ് അലവൻസുകൾക്കെല്ലാം ഉത്തരവ് തീയതി മുതൽക്കേ പ്രാബല്യം ഉണ്ടായിരിക്കുകയുള്ളൂ.

*4 .* ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട കുടിശ്ശികയുടെ കാര്യത്തിൽ സർക്കാർ പിന്നീട് തീരുമാനം എടുക്കുന്നതായിരിക്കും.

*5 .* നിലവിൽ ഹയർ ഗ്രേഡ് സ്കെയിലുകളിൽ തുടരുന്ന എസ്എൽ.ആർ. ജീവനക്കാർക്ക് *10/02/2021*-ലെ ജി.ഒ(പി)നം.*27/2021*/ധന നമ്പർ ഉത്തരവിലെ അനക്സർ-I പ്രകാരമുള്ള ആനുപാതിക സ്കെയിൽ വ്യക്തിഗത സ്കെയിലായി അനുവദിച്ച് നൽകാവുന്നതാണ്.

6 . ഈ ഉത്തരവിൽ സൂചിപ്പിച്ചവയൊഴികെ മറ്റൊരു ആനുകൂല്യങ്ങൾക്കും എസ്.എൽ.ആർ.ജീവനക്കാർക്ക് അർഹതയുണ്ടായിരിക്കുന്നതല്ല. മറ്റേതെങ്കിലും ആനുകൂല്യങ്ങൾ നിലവിൽ അനുവദിച്ച് വരുന്നുണ്ടെങ്കിൽ ആയത് ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ നിർത്തലാക്കേണ്ടതാണ്. ഇതിൽ ഏതെങ്കിലും തരത്തിൽ വീഴ്ചകൾ വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

*7 .* എസ്.എൽ.ആർ. ജീവനക്കാർ ഫുൾടൈം റെഗുലർ സർവ്വീസിന്റെ പരിധിയിൽ വരാത്തതിനാലും, മുഴുവൻ സമയ സംസ്ഥാന സർക്കാർ ജീവനക്കാർ അല്ലാത്തതിനാലും, കേരളാ സർവീസ് ചട്ടങ്ങൾ പ്രകാരം സർക്കാർ ജീവനക്കാർക്ക് അനുവദിക്കുന്ന ആനുകൂല്യങ്ങൾക്ക് ഇവർക്ക് അർഹതയുണ്ടാവുകയില്ല.

*8 .* എസ്.എൽ.ആർ സർവ്വീസ് മറ്റേതെങ്കിലും സർവ്വീസ് ആനുകൂല്യങ്ങൾക്കോ പെൻഷനോ പരിഗണിക്കുന്നതല്ല.

*9.* ഈ ശമ്പള പരിഷ്ക്കരണ ഉത്തരവ് തീയതി മുതൽ *SLR/CLR* ജീവനക്കാരെ നിയമിക്കാൻ പാടില്ല. . അത്യാവശ്യഘട്ടങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേയ്ഞ്ച് വഴി, അപ്രകാരമുള്ള നിയമനം സംബന്ധിച്ച നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട്, *179* ദിവസത്തേയ്ക്ക് താത്ക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്താവുന്നതാണ്. ഈ വ്യവസ്ഥയിൽ വീഴ്ച്ച വരുത്തിയാൽ ആയതിന് ബന്ധപ്പെട്ട നിയന്ത്രണ ഉദ്യോഗസ്ഥൻ ഉത്തരവാദിയായിരിക്കുന്നതാണ്.

*10.* *08-07-2022* ലെ *55/2022/*ധന നമ്പർ സർക്കുലറിലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.

*11.* ശമ്പള പരിഷ്ക്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിന് മുമ്പ് സർക്കാരിന്റെ അഭിപ്രായം ആരായേണ്ടതാണ്.

*12.* തെറ്റായ ശമ്പളനിർണ്ണയം മൂലം ആർക്കെങ്കിലും അധിക വേതനം നൽകാൻ ഇടയായാൽ ആയത് തിരിച്ചുപിടിക്കേണ്ടതാണ്.

*13.* വകുപ്പിലെ എസ്.എൽ.ആർ ജീവനക്കാരെ തെരഞ്ഞെടുത്തതിന്റെ സർക്കാർ ഉത്തരവുകൾ ബന്ധപ്പെട്ട നിയന്ത്രണോദ്യോഗസ്ഥൻ പരിശോധിക്കേണ്ടതും ഓരോരുത്തരുടെയും പേര്, സേവനത്തിൽ പ്രവേശിച്ചതിന് ആധാരമായ സർക്കാർ ഉത്തരവ് നമ്പർ, സേവനത്തിൽ പ്രവേശിച്ച തീയതി, ജനനത്തീയതി, മേൽവിലാസം എന്നിവ സഹിതമുള്ള പട്ടിക അനുബന്ധമായി ഈ ഉത്തരവിനോടൊപ്പം സൂക്ഷിക്കേണ്ടതുമാണ്. ഇതിൽ ഏതെങ്കിലും തരത്തിൽ വീഴ്ചകൾ വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

*14.* ശമ്പള പരിഷ്കരണം നടപ്പിൽ വരുത്തുമ്പോൾ മേൽ വ്യവസ്ഥകളുടെ ലംഘനം ഉണ്ടാകുന്ന പക്ഷം ബന്ധപ്പെട്ട നിയന്ത്രണ ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥർ ഉത്തരവാദിയായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സഞ്ജയ് എം കൗൾ
സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ) ) കേരള, തിരുവനന്തപുരം
മത്സ്യബന്ധന തുറമുഖ വകുപ്പ്
പൊതുമരാമത്ത് വകുപ്പ്
ജലവിഭവ വകുപ്പ്
ചീഫ് എഞ്ചിനീയർ, (ഐ&എ), തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, (ഭരണ വിഭാഗം), പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, ഭൂജലവകുപ്പ്, തിരുവനന്തപുരം

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിങ്ങ് വകുപ്പ്, തിരുവനന്തപുരം

പൊതുഭരണ(എസ്.സി)വകുപ്പ്, 27.06.2023 ലെ ഇനം നം. 1591.

നോഡൽ ഓഫീസർ, www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ